**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2164** **12-12-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തലശ്ശേരി മുതൽ വളപട്ടണം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നീലേശ്വരം കോട്ടപ്പുറം വരെ ഈ പാത നീട്ടാൻ കഴിയുമോയെന്ന് അറിയാക്കാമോ? | (എ) | കോവളം-ബേക്കൽ വികസനത്തിന്റെ ഭാഗമായി മാഹി-വളപട്ടണം റീച്ചിൽ തലശ്ശേരി മുതൽ വളപട്ടണം വരെ വരുന്ന ഭാഗത്ത് ഒന്നാം കട്ടിന്റെ (റീച്ച്-I) അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. രണ്ടാം കട്ടിന്റെ (റീച്ച്-II) സാമൂഹികാഘാത പഠനം പൂർത്തിയായതും മൂന്നാം കട്ടിന്റെ (റീച്ച്-III) സാമൂഹികാഘാത പഠനം നടന്നുവരുന്നതുമാണ്. ഈ രണ്ടു കട്ടിന്റെയും പാരിസ്ഥിതികാഘാത പഠനം പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പഠനം പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അന്തിമ വിജ്ഞാപനം ഇറക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ വളപട്ടണം മുതൽ നീലേശ്വരം കോട്ടപ്പുറം വരെ ജലപാത നിലവിൽ ഉണ്ട്, ഇത് ബേക്കൽ വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ